അതിരപ്പിള്ളി പഞ്ചായത്തിൽ എണ്ണപ്പനക്കുരു സംസ്കരണ ഫാക്ടറി

232 (4322) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ കാവടി ഗ്രൂപ്പിൽ ഒരു വർഷത്തെ എണ്ണപ്പനക്കുരു ഉൽപ്പാദനത്തിന്റെ ശരാശരി അളവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടെ ഉൽപ്പാദിപ്പിക്കുന്ന എണ്ണപ്പനക്കുരു സംസ്കരിക്കുന്നത് എവിടെയാണ് ; പ്രസ്തുത സ്ഥലം ഇവിടെ നിന്നും എത്ര കി.മീ. അകലെയാണ് എന്നും എത്ര ദിവസം കഴിഞ്ഞാണ് എണ്ണപ്പനക്കുരു സംസ്കരണ കേന്ദ്രത്തിൽ എത്തുന്നത് എന്നും വെളിപ്പെടുത്തുമോ ;

(സി) ഇങ്ങനെ ദൂരെയുള്ള കേന്ദ്രത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷന് നഷ്ടം സംഭവിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവിടെ ഉണ്ടാക്കുന്ന എണ്ണപ്പനക്കുരു സംസ്കരിക്കുവാൻ അതിരപ്പിള്ളി പഞ്ചായത്തിൽ ഒരു സംസ്കരണ ഫാക്ടറി ആരംഭിക്കുമോ ; വിശദവിവരം അറിയിക്കുമോ ?

ഉത്തരം

(എ) 2009-10-ൽ 4292 M.T. എണ്ണപ്പനക്കുരു ഉൽപ്പാദിപ്പിച്ചിരുന്നു. ശരാശരി ഉൽപ്പാദനം ഇന്നത്തെ നിലയിൽ 4300 M.T. ആയി കണക്കാക്കാവുന്നതാണ്.

(ബി) ഇവിടെ ഉൽപ്പാദിപ്പിക്കുന്ന എണ്ണപ്പനക്കുരു സംസ്കരിക്കുന്നത് ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിന്റെ ഏരൂർ എണ്ണപ്പന സംസ്കരണ ഫാക്ടറിയിലാണ്. പ്രസ്തുത സ്ഥലം ഇവിടെനിന്നും ഏകദേശം 200 കി. മി. ദൂരെയാണ്.

(സി) ഇപ്പോൾ എണ്ണപ്പനക്കുരുവിനാണ് വില നിശ്ചയിച്ചിരിക്കുന്നത്.

(ഡി) പ്ലാന്റേഷൻ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് കാവടി ഗ്രൂപ്പിൽ എണ്ണക്കുരു സംസ്കരണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം വിട്ടു നൽകിയ നടപടി

233 (4323) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള റോഡുകളോ, റോഡ് നിർമ്മിക്കാൻ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലമോ സർക്കാരിന് വിട്ടു കൊടുത്തിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly